**"ഭരണ ഭാഷ – മാതൃഭാഷ"**

**ഇൻഫർമേഷൻ കേരളാ മിഷൻ**

സ്വരാജ് ഭവൻ, ഗ്രൌണ്ട് ഫ്ലോർ,കവടിയാർ.പി.ഒ, നന്ദൻകോട് ,തിരുവനന്തപുരം – 695 003

## 17.09.2021 -ന് രാവിലെ 11.00-ന് Zoom വീഡിയോ കോൺഫറൻസ് വഴി ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന ഇൻഫർമേഷൻ കേരളാ മിഷൻ സൊസൈറ്റിയുടെ 23–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഓൺലൈൻ യോഗത്തിൽ പങ്കെടുത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | പേര് | സ്ഥാനം |
|---|---|---|
| 1 | ശ്രീമതി.ശാരദാ മുരളീധരൻ ഐഎഎസ്, അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | **ചെയർപേഴ്സൺ** |
| 2 | ശ്രീമതി.കെ.എം ഉഷ, പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ | **മെമ്പർ** |
| 3 | ശ്രീ.സ്നേഹിൽ കുമാർ സിംഗ് ഐഎഎസ്, ഡയറക്ടർ, ഐ.ടി.മിഷൻ | **മെമ്പർ** |
| 4 | ശ്രീ.അനിൽകുമാർ എം, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ് | **മെമ്പർ** |
| 5 | ശ്രീ.അജിത് ബ്രഹ്മാനന്ദൻ, സീനിയർ ടെക്നിക്കൽ ഡയറക്ടർ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, തിരുവനന്തപുരം | **മെമ്പർ** |
| 6 | ശ്രീമതി.സൈമ എസ്, എക്സിക്യൂട്ടീവ് ഡയറക്ടർ(i/c), ഇൻഫർമേഷൻ കേരള മിഷൻ | **മെമ്പർ സെക്രട്ടറി** |

**അജണ്ട-1**

**വിഷയം: 22.03.2021 ന് നടന്ന ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

22.03.2021 ന് കൂടിയ ഇരുപത്തി രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് ചർച്ചകൾക്കു ശേഷം അംഗീകരിച്ചു.

**അജണ്ട-2**

**വിഷയം: ഇരുപത്തിരണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്.**

**തീരുമാനം**

ഇരുപത്തി രണ്ടാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ് പ്രകാരം സ്വീകരിച്ച അനന്തര നടപടികൾ കമ്മിറ്റി അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി.

22.03.2021 ൽ ചേർന്ന 22-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ സ്വരാജ് ഭവനിലെ ഐ.കെ.എം ഓഫീസിൽ നെറ്റ്‌വർക്കിംഗ് ചെയ്തതുമായി ബന്ധപ്പെട്ട് PWD ഇലക്ട്രോണിക്സ് കെൽട്രോണിന് നൽകാൻ ശുപാർശ ചെയ്ത മൊത്തം തുകയായ Rs.21,61,441/- രൂപയിൽ ഇനി കെൽട്രോണിന് നൽകുവാനുള്ള തുകയായ Rs.6,75,175/- രൂപ ഐ.കെ.എമ്മിന്റെ ഓൺഫണ്ടിൽ നിന്നും നൽകുവാൻ തീരുമാനിച്ചിരുന്നു. പ്രസ്തുത തുക ഐ.കെ.എമ്മിന്റെ ഓൺഫണ്ടിൽ നിന്നും നൽകുവാനും, ആയതിനുശേഷം വിശദമായ റിപ്പോർട്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിക്കുവാനും ഐ.കെ.എം ഫിനാൻസ് ഓഫീസറെ എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തി.

**അജണ്ട-3**

**വിഷയം: ഐ.കെ.എം ചെയ്ത പ്രവർത്തനങ്ങളുടെ ഒരു റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ശ്രദ്ധയിൽപ്പെടുത്തി.

**അജണ്ട-4**

**വിഷയം: 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുന്നത് സംബന്ധിച്ച്.**

ബഡ്ജറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അംഗീകാരത്തിനായി നൽകിയതിൽ കാലതാമസം ഉണ്ടായതായി ധനകാര്യ വകുപ്പ് പ്രതിനിധി അറിയിച്ചു. അടുത്ത വർഷം മുതൽ മാർച്ച് മാസത്തിൽ തന്നെ ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അറിയിച്ചു.

കഴിഞ്ഞ മൂന്നുവർഷമായി ഐ.കെ.എമ്മിന്റെ പ്ലാൻഫണ്ട് ചെലവ് ഒന്നും തന്നെ നടക്കുന്നില്ല എന്നും, അതിന് കാരണം എന്താണെന്നും, ഈവർഷം അയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുക എന്നും എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആരാഞ്ഞു. ഈ വർഷം പ്ലാൻഫണ്ടിൽ 100% ചെലവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. ഈ വർഷം 8 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ ആദ്യ ഗഡുവായി 4 കോടി രൂപയുടെ പ്ലാൻ ഫണ്ട് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട് എന്നും അടുത്ത ആഴ്ച്ച തന്നെ സർക്കാരിലേക്ക് സമർപ്പിക്കുന്നതാണ് എന്നും ഐ.കെ.എം പർച്ചേസ് ഓഫീസർ അറിയിച്ചു.

ഐ.കെ.എമ്മിന്റെ Server space കൂട്ടുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ആരാഞ്ഞു.
12.07.2021 ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഐ.എൽ.ജി.എം.എസ് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതിന് ഐ.കെ.എം തയ്യാറാക്കിയ റിപ്പോർട്ട് കം ആക്ഷൻ പ്ലാൻ പ്രാഥമികമായി അംഗീകരിക്കുകയും, ആയത് technical scrutiny നടത്തുന്നതിന് ഡയറക്ടർ, ഐ.ടി.മിഷനെ ചുമതലപ്പെടുത്തിയിരുന്നതായും, ആയത് ത്വരിതപ്പെടുത്തുന്നതിനായി 10.09.2021 തീയതിയിൽ ഒരു കത്ത് ഐ.ടി.മിഷൻ ഡയറക്ടർക്ക് ഐ.കെ.എമ്മിൽ നിന്ന് നൽകിയിരുന്നതായും കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ അറിയിച്ചു. എന്നാൽ technical scrutiny ഐ.കെ.എമ്മിന്റെ നേതൃത്വത്തിൽ തന്നെ ചെയ്യണമെന്നാണ് ഐ.ടി.മിഷനിൽ നിന്നും ഇ-മെയിൽ മുഖേന അറിയിച്ചതെന്നും ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അധിക ചുമതലയുള്ള കൺട്രോളർ ഓഫ് അഡ്മിനിസ്ട്രേഷൻ യോഗത്തെ അറിയിച്ചു.

റിപ്പോർട്ട് കം ആക്ഷൻ പ്ലാനിന്റെ technical scrutiny ഐ.ടി.മിഷൻ തന്നെ നടത്തി റിപ്പോർട്ട് നൽകുന്നതാകും ഉചിതം എന്ന് എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർപേഴ്സൺ കൂടിയായ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഐ.ടി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. ഐ.കെ.എം പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി technical committee രൂപീകരിച്ച് technical scrutiny നടത്തി റിപ്പോർട്ട് നൽകുന്നതാണെന്ന് ഡയറക്ടർ, ഐ.ടി.മിഷൻ യോഗത്തിൽ അറിയിച്ചു.

**തീരുമാനം**

അടുത്ത സാമ്പത്തിക വർഷം മുതൽ (2022-2023) മാർച്ച് മാസം തന്നെ ബഡ്ജറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിലും, ഗവേണിംഗ് ബോഡിയിലും അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ് എന്ന നിബന്ധനയോടെ വിശദമായ ചർച്ചകൾക്ക് ശേഷം 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അംഗീകരിച്ചു.

**അജണ്ട -5**

**വിഷയം: Deputy Director (Research & Development), Deputy Director (Operation & Service) എന്നീ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ / കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നത് - സംബന്ധിച്ച്.**

**തീരുമാനം**

ഡയറക്ടർ ഐ.ടി.മിഷൻ ചെയർമാനായും, മറ്റുള്ളവർ അംഗങ്ങളായും താഴെ പറയുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഇന്റെർവ്യൂ ബോർഡ് രൂപീകരിക്കുന്നതിന് അനുമതി നൽകി.

1. ഡയറക്ടർ, ഐ.ടി. മിഷൻ (ചെയർമാൻ)
2. Digital University (IIITMK) യിൽ നിന്നുള്ള പ്രതിനിധി
3. NIC (Thiruvananthapuram) യിൽ നിന്നുള്ള പ്രതിനിധി
4. Head Computer Science, Trivandrum Engineering College
5. SeMT യിൽ നിന്നുള്ള പ്രതിനിധി
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (കൺവീനർ)

ഇന്റെർവ്യൂ നടത്തി യോഗ്യരായ ഉദ്യോഗാർത്ഥികളെ ഇന്റെർവ്യൂ ബോർഡ് തിരഞ്ഞെടുത്തതിന് ശേഷം നിയമിക്കുന്നതിന് ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**അജണ്ട -6**

**വിഷയം: ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിലെ ടെക്ക്നിക്കൽ ഓഫീസർ ഗ്രേഡ്-II ആയ ശ്രീ.സിനീഷ് പി ജി അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിനെ തുടർന്ന് സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നത് സംബന്ധിച്ച്.**

**തീരുമാനം**

ശ്രീ.സിനീഷ് പി ജി, ടെക്ക്നിക്കൽ ഓഫീസർ ഗ്രേഡ്-II നെ ഐ.കെ.എം സർവ്വീസിൽ നിന്നും നീക്കം ചെയ്തതിനു ശേഷം, റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് മുമ്പായി ശ്രീ.സിനീഷ് പി ജിക്ക് ഐ.കെ.എമ്മിൽ നിന്നും നൽകുവാനുള്ള ഗ്രാറ്റുവിറ്റി, ഇ.പി.എഫ് എന്നിവയിൽ നിന്നും 52,789/- (അമ്പത്തിരണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി ഒൻപത് രൂപ മാത്രം) ഈടാക്കുന്നതിന് തീരുമാനിച്ചു.

**അജണ്ട -7**

**വിഷയം: 2019 നവംബർ 25 മുതൽ 29 വരെ, ബംഗളൂരുവിൽ വച്ച് നടന്ന ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരുടെ (CISO) ഡീപ് ഡൈവ് പരിശീലനത്തിൽ ശ്രീ. ജിജ്ജു കൃഷ്ണൻ, ഡൊമൈൻ എക്സ്പെർട്ട് പങ്കെടുത്ത നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.**

**തീരുമാനം**

2019 നവംബർ 25 മുതൽ 29 വരെ, ബംഗളൂരുവിൽ വച്ച് നടന്ന ചീഫ് ഇൻഫർമേഷൻ സെക്യൂരിറ്റി ഓഫീസർമാരുടെ (CISO) ഡീപ് ഡൈവ് പരിശീലനത്തിൽ ശ്രീ. ജിജ്ജു കൃഷ്ണൻ, ഡൊമൈൻ എക്സ്പെർട്ട് പങ്കെടുത്ത നടപടിയും, ആയതിലേക്ക് യാത്രാബത്ത, ദിവസബത്ത എന്നീ ഇനത്തിൽ ഐ.കെ.എം ഓൺഫണ്ടിൽ നിന്ന് 8,068/-രൂപ (എണ്ണായിരത്തി അറുപത്തിയെട്ട് രൂപ) അനുവദിച്ച

നടപടിക്കും (സർക്കാരിന്റെ ടി.എ റൂൾ പ്രകാരം ആയിരിക്കണം എന്ന വ്യവസ്ഥയിൽ) സാധൂകരണം നൽകി.

**അജണ്ട -8**

**വിഷയം: ശ്രീ. ജോബിൻ മരുതിപ്പറമ്പിൽ, മലപ്പുറം നഗരസഭ സെക്രട്ടറിയെ അന്യത്ര സേവന വ്യവസ്ഥയിൽ ഡൊമെയിൻ എക്സ്പർട്ടായി ജോലിയിൽ പ്രവേശിപ്പിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച്.**

**തീരുമാനം**

അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്യുന്നതിനായി മാറ്റിവച്ചു.

**അജണ്ട-9**

**വിഷയം: ഐ.കെ.എം മുഖേന മുനിസിപ്പാലിറ്റിയിൽ ഡാറ്റാ എൻട്രി ഓപ്പറേറ്ററായി ജോലി നോക്കിയിരുന്ന ശ്രീമതി.സിനി ആർ ന്റെ ഇ.പി.എഫ് വിഹിതം അടച്ച നടപടി സാധൂകരിക്കുന്നതിനും, ശ്രീമതി.സിനി ആർ ന്റെ ഇ.പി.എഫ് വിഹിതം തിരികെ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച്.**

**തീരുമാനം**

അടുത്ത എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ചർച്ചചെയ്യുന്നതിനായി മാറ്റിവച്ചു.

**യോഗം 12.00 PM ന് അവസാനിച്ചു.**

Sd/-
**എക്സിക്യൂട്ടീവ് ഡയറക്ടർ (i/c)**
**ഇൻഫർമേഷൻ കേരള മിഷൻ**
**(മെമ്പർ സെക്രട്ടറി)**

Sd/-
**അഡീഷണൽ ചീഫ് സെക്രട്ടറി**
**തദ്ദേശ സ്വയംഭരണ വകുപ്പ്**
**(ചെയർപേഴ്സൺ)**